MALAYALAM

fka CHILDREN'S SERVICES INC

# നിങ്ങളുടെ കുടുംബ ഭാഷ(കൾ) പരിപാലിക്കൽ

നിങ്ങളുടെ കുടുംബ ഭാഷ പരിപാലിക്കുന്നത് പിന്നീടുള്ള എല്ലാ ഭാഷാ വികാസത്തിനും അടിത്തറ രൂപപ്പെടുത്തുന്നു. ശക്തമായ ഭാഷാ മാതൃകകൾ കാണാനും കേൾക്കാനും അവയിൽ ആശയവിനിമയം നടത്താനും അവസരമുണ്ടാകുമ്പോൾ നിങ്ങളുടെ കുട്ടിക്ക് ഒന്നിലധികം ഭാഷകൾ എളുപ്പത്തിൽ കരസ്ഥമാക്കാനാകും.

വിക്ടോറിയയിലെ 'ഏർളി ഇയേഴ്സ്' പ്രൊഫഷണലുകളെ നയിക്കുന്നത് *വിക്ടോറിയൻ ലേണിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഫ്രെയിംവർക്ക്* (VEYLDF) ആണ്. ഒന്നിലധികം ഭാഷകൾ സ്വായത്തമാക്കുന്നതിനെ ഒരു സ്വത്തായി ഫ്രെയിംവർക്ക് തിരിച്ചറിയുന്നു, 'ഏർളി ഇയേഴ്സ് എജ്യൂക്കേഷൻ ആൻഡ് കെയർ പ്രോഗ്രാ'മുകളിൽ പങ്കെടുക്കുമ്പോൾ (VEYLDF, 2016), സ്വന്തം കുടുംബ ഭാഷ(കൾ) നിലനിർത്താനും ഒരു അധിക ഭാഷയായി ഇംഗ്ലീഷ് പഠിക്കാനും ഇംഗ്ലീഷ് അല്ലാത്ത ഭാഷകൾ പഠിക്കാനും കുട്ടികൾക്ക് പിന്തുണ നൽകപ്പെടും എന്ന പ്രതീക്ഷയാണ് ഫ്രെയിംവർക്ക് സ്ഥാപിക്കുന്നത്.

നിങ്ങളുടെ കുട്ടിക്ക് സ്വന്തം കുടുംബ ഭാഷ നിലനിർത്തുന്നതിൽ നിന്നും ആ ഭാഷ വികസിപ്പിക്കുന്നത് തുടരുന്നതിൽ നിന്നും നിരവധി പ്രയോജനങ്ങൾ ലഭിക്കുന്നു:

- നിങ്ങളുടെ കുടുംബ ഭാഷയുടെ ഉപയോഗത്തിലൂടെ നിങ്ങളുടെ കുട്ടിക്ക് സ്വന്തം ധാരണാപരമായ വഴക്കവും (കോഗ്നിറ്റീവ് ഫ്ലെക്സിബിലിറ്റി) വികാസവും വിപുലീകരിക്കാൻ കഴിയും.
- നിങ്ങളുടെ കുടുംബ ഭാഷ(കൾ) നിലനിർത്തുന്നത്, കുടുംബ ബന്ധങ്ങൾക്കും ബന്ധങ്ങൾ സൃഷ്ടിക്കുന്നതിനും താൻ എന്തിന്റെയോ ഭാഗമാണ് എന്ന ബോധത്തിനും അത്യന്താപേക്ഷിതമാണ്.
- നിങ്ങളുടെ കുട്ടിയുടെ ഐഡന്റിറ്റി, സംസ്ക്കാരം, ക്ഷേമം എന്നിവയുമായി സങ്കീർണ്ണമായ തരത്തിൽ കുടുംബ ഭാഷ[കൾ] ബന്ധപ്പെട്ടിരിക്കുന്നു.
- നിങ്ങളുടെ കുടുംബ ഭാഷയിലെ[കളിലെ] പ്രാവീണ്യം, നിങ്ങളുടെ കുട്ടിയെ ഇംഗ്ലീഷ് പോലുള്ള അധിക ഭാഷകൾ പഠിക്കുന്നതിന് പിന്തുണ നൽകും.

'ആദ്യ ഭാഷകളോ വീട്ടിലെ ഉപയോഗിക്കുന്ന ഭാഷകളോ പഠിച്ചെടുക്കുന്നതും പരിപാലിക്കുന്നതും സ്വത്വനിർമ്മാണത്തിൽ ഗണ്യവും തുടർച്ചയായതുമായ പങ്ക് വഹിക്കുന്നു' എന്ന് എജ്യൂക്കേറ്റർമാരോട് VEYLDF (2016) വിശദീകരിക്കുന്നു. (പേജ് 18). അതിനാൽ, കുടുംബ ഭാഷ[കൾ] നിലനിർത്തുന്നതിനും വികസിപ്പിക്കുന്നത് തുടരുന്നതിനും കുട്ടികളെ പ്രോത്സാഹിപ്പിക്കാനും പിന്തുണയ്ക്കാനും സഹകരണ പങ്കാളിത്തത്തിൽ എജ്യൂക്കേറ്റർമാരും കുടുംബാംഗങ്ങളും ഏർപ്പെടുകയെന്നതാണ് ഒരു അധിക ഭാഷയെന്ന നിലയിൽ ഇംഗ്ലീഷിന്റെ വികാസത്തെ പിന്തുണയ്ക്കുന്നതിനുള്ള ഒരു അത്യന്താപേക്ഷിതമായ ഘടകം.

## 'ഏർളി ചൈൽഡ്ഹുഡ് എജ്യൂക്കേഷൻ ആൻഡ് കെയർ' അന്തരീക്ഷങ്ങളിൽ ഒരു അധിക ഭാഷയായി ഇംഗ്ലീഷ് വികസിപ്പിക്കൽ

'വിക്ടോറിയൻ ഏർളി ചൈൽഡ്ഹുഡ് എജ്യൂക്കേഷൻ ആൻഡ് കെയർ' അന്തരീക്ഷങ്ങളിൽ നിങ്ങളുടെ കുട്ടിക്ക് ഇംഗ്ലീഷ് പഠിക്കാൻ ധാരാളം അവസരങ്ങൾ ലഭിക്കും. 'ഭാഷയുമായുള്ള സമ്പർക്കം, വ്യക്തമായ മോഡലിംഗും ഭാഷ പഠിപ്പിക്കലും, പുതിയ ഭാഷ സ്വായത്തമാക്കുന്നതിന് ഉചിതമായ സമയം എന്നിവയിലൂടെ കുട്ടികൾക്ക് ഒരു അധിക ഭാഷയായി ഇംഗ്ലീഷ് (അല്ലെങ്കിൽ മറ്റൊരു ഭാഷ) വിജയകരമായി പഠിക്കാനാകും' എന്ന് ഗവേഷണം പറയുന്നു. (VEYLDF, 2016, പേജ് 22).

ഒരു ഭാഷ അറിയുന്നത് മറ്റ് ഭാഷകൾ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കും. ഒരു ഭാഷയിൽ കുട്ടികൾ വികസിപ്പിക്കുന്ന ശേഷികൾ, പുതിയ ഭാഷയിലേക്ക് പരിവർത്തിപ്പിക്കാൻ കഴിയും. കുട്ടികൾക്ക് പുതിയ ഭാഷയും അതിന്റെ നിയമങ്ങളും പദാവലിയും മനസ്സിലാക്കാൻ കഴിയുന്നത് സ്വന്തം കുടുംബ ഭാഷയിലൂടെയാണ്. നിങ്ങളുടെ കുട്ടി ഒരു ഇംഗ്ലീഷ് ഭാഷാ അന്തരീക്ഷത്തിൽ ആയിരിക്കുമ്പോൾ, വിവിധ സന്ദർഭങ്ങളിൽ ഇംഗ്ലീഷ് കേൾക്കാനുള്ള അവസരം കുട്ടിക്ക് ലഭിക്കും. മറ്റ് കുട്ടികളുമായി കൂട്ടുകൂടാനും കളിക്കാനും അവർ ആഗ്രഹിക്കും, എജ്യൂക്കേറ്റർമാർ നല്ല മാതൃകകളും നിങ്ങളുടെ കുട്ടിക്ക് ഇംഗ്ലീഷ് കേൾക്കാനും പരിശീലിക്കാനും ധാരാളം അവസരങ്ങളും നൽകും.

കുട്ടിയുടെ മുൻകാല ഭാഷാ അനുഭവങ്ങൾ, പുതിയ ഭാഷയുമായുള്ള സമ്പർക്കം, പുതിയ പഠനാന്തരീക്ഷങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ വേഗതയിൽ ഭാഷാ ശേഷികൾ വികസിക്കുന്നു. ഒരു കാലയളവ് സമയത്തേക്ക്, ഒരേ സമയം ഒന്നിലധികം ഭാഷകൾ പഠിക്കുന്ന കുട്ടികൾ, ഒരു ഭാഷയെക്കാൾ പ്രാവീണ്യത്തോടെ വേറൊരു ഭാഷ സംസാരിച്ചേക്കാം. തുടക്കത്തിൽ, കുട്ടികൾ സംസാരിക്കുമ്പോൾ ഭാഷകൾ ഇടകലർത്തിയേക്കാം. അവർക്ക് ഒരു ഭാഷയിൽ ഒരു പ്രത്യേക വാക്ക് അറിയാമെങ്കിലും രണ്ടാമത്തെ ഭാഷയിൽ അറിഞ്ഞേക്കില്ല. സംഭാഷണത്തിന്റെ ഒഴുക്ക് നിലനിർത്തുന്നതിന്, അവർക്കറിയാവുന്ന വാക്കുകൾ അവർ ഉപയോഗിക്കുന്നു. ബഹുഭാഷാ സന്ദർഭങ്ങളിൽ സ്വന്തം ഭാഷകൾ ഉപയോഗിക്കുന്ന മുറയ്ക്ക് കുട്ടികൾ രൂപപ്പെടുത്തുന്ന സ്വാഭാവികവും വഴക്കമുള്ളതുമായ ശേഷിയാണിത്.

## ഓർമ്മിക്കുക...

പുതിയൊരു ഭാഷയിൽ സംഭാഷണ പ്രാവീണ്യം വികസിപ്പിച്ചെടുക്കാൻ സമയമെടുക്കും, ഒരു അധിക ഭാഷ പഠിക്കുന്ന പ്രക്രിയകളിലൂടെ കടന്നുപോകുന്ന മുറയ്ക്ക്, കുട്ടികൾക്ക് വേണ്ടത്ര സമയവും ചുറ്റുമുള്ള മുതിർന്നവരിൽ നിന്ന് സമ്മർദ്ദമില്ലാത്ത പിന്തുണയും ആവശ്യമാണ്.

സ്വന്തം കുടുംബ ഭാഷ ഉപയോഗിക്കാനും പഠിക്കാനും എല്ലാ കുട്ടികൾക്കും അവകാശമുണ്ട് (UNCRC, 1989).


**റെഫറൻസുകൾ**

ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ്, 2016. *വിക്ടോറിയൻ ഏർളി ഇയേഴ്സ് ലേണിംഗ് ആൻഡ് ഡെവലപ്പ്മെന്റ് ഫ്രെയിംവർക്ക്.*

UNICEF, 1989. *കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്ര ഉടമ്പടി* (UNCRN).